3

# ഒരു അന്തരവും അവസാന ദൈവസ്തുതിയും

## (17- 25)

ലേഖനം അവസാനിപ്പിക്കുമ്പോൾ, യൂദാ ഒരു ക്രിസ്ത്യാനിയുടെ മാതൃകാപരമായ സ്വഭാവവും ദുരുപദേഷ്ടാക്കന്മാരും തമ്മിലുള്ള അന്തരമാണ് വ്യക്തമാക്കുന്നത്. ക്രിസ്ത്യാനികൾക്ക് തങ്ങളുടെ ദൈവത്തോടുള്ള ബന്ധത്തിൽ ഉത്തരവാദിത്തമുണ്ട്. അവർ അപ്പൊസ്തലന്മാരുടെ വാക്കുകൾ ഓർക്കുകയും തങ്ങളുടെ വിശുദ്ധ വിശ്വാസത്തിൽ തങ്ങളെത്തന്നെ വളർത്തുകയും ചെയ്യണം. അതേ സമയം ആത്മിയമായി ബലഹീനരായവരെ അവർ കരുതുകയും വേണം. അവരെ അവർ ഉത്തേജിപ്പിക്കുകയും കർത്താവിൽ നിലനിർത്തുകയും വേണം.

### ഒരു അന്തരം:
### വിയോജിപ്പുണ്ടാക്കുന്ന പരിഹാസികൾ
### വിശ്വസ്ത വിശ്വാസികൾക്കെതിരാണ് (17-23)

**17 നിങ്ങളോ പ്രിയരേ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ
അപ്പൊസ്തലന്മാർ മുൻപറഞ്ഞ വാക്കുകളെ ഓർപ്പിൻ. 18 അന്ത്യകാലത്ത്
ഭക്തികെട്ട മോഹങ്ങളെ അനുസരിച്ച് നടക്കുന്ന പരിഹാസികൾ ഉണ്ടാകും
എന്ന് അവർ നിങ്ങളോട് പറഞ്ഞുവല്ലോ. 19 അവർ ഭിന്നത ഉണ്ടാക്കുന്നവർ,
പ്രാകൃതന്മാർ, ആത്മാവില്ലാത്തവർ. 20 നിങ്ങളോ പ്രിയമുള്ളവരേ, നിങ്ങളുടെ
അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്ക് തന്നെ ആത്മിക
വർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും 21 നിത്യജീവന്നായിട്ട്
നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണക്കായി കാത്തിരുന്നു
കൊണ്ട്, ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ.
22 സംശയിക്കുന്നവരായ ചിലരോട് കരുണ ചെയ്വിൻ; 23 ചിലരെ തീയിൽനി
ന്ന് വലിച്ചെടുത്ത് രക്ഷിപ്പിൻ; ജഡത്തിൽ കറ പിടിച്ച അങ്കിപോലും പകെച്ചു
കൊണ്ട് ചിലർക്ക് ഭയത്തോടെ കരുണ കാണിപ്പിൻ.**

**വാക്യം 17.** വാക്യം 3 ൽ യൂദാ തന്റെ വായനക്കാരോട് നേരിട്ട് സംസാരിച്ചതുപോലെ വീണ്ടും നേരിട്ടു സംസാരിക്കുവാൻ തുടങ്ങി. “വിശ്വാസത്തിനായി പോരാടുവിൻ” എന്നായിരുന്നു അവൻ പ്രബോധിപ്പിച്ചു തുടങ്ങിയത് (വാ. 3), അപ്പൊസ്തലന്മാർ മുഖേന ക്രിസ്തു നൽകിയ **വാക്കുകളെ ഓർപ്പിൻ** എന്നു കൽപിക്കുകയും, സഭയിലേക്ക് വന്ന ദുരുപദേഷ്ടാക്കന്മാരെ അവൻ അഭിമുഖീകരിച്ച് വിശദീകരിക്കുകയും ചെയ്തു. തന്റെ വായനക്കാരെ ഉത്തേജിപ്പിച്ച് വളർത്തുക എന്നതായിരുന്നു ലേഖകന്റെ ലക്ഷ്യം. “പൊതുവിലുള്ള രക്ഷയെ” കുറിച്ച് എഴുതി അവരെ വളർത്തുവാനായിരുന്നു അവൻ ആദ്യം ഉദ്ദേ

ശിച്ചത് (വാ. 3), എന്നാൽ "ശ്രദ്ധിക്കപ്പെടാതെ നുഴഞ്ഞുവന്ന" ദുരുപദേഷ്ടാക്കന്മാരിൽനിന്നു പിന്തിരിയുവാൻ, അവർക്ക് എഴുതി മുന്നറിയിക്കേണ്ട ആവശ്യം നേരിട്ടു (വാ. 4). അവൻ അവർക്ക് "പൊതുവിലുള്ള രക്ഷയെ" കുറിച്ച് എഴുതിയാലും, ദുരുപദേഷ്ടാക്കന്മാരെ കുറിച്ച് എഴുതിയാലും, ക്രിസ്ത്യാനികളെ വിശ്വാസത്തിൽ വളർത്തുക എന്നതായിരുന്നു യൂദായുടെ ഉദ്ദേശം.

തങ്ങളുടെ ഇടയിൽനിന്നു തന്നെ ക്രിസ്തുവിന്റെ ഉപദേശത്തെ മറിച്ചുകളയുന്ന അഭക്തരായ പുരുഷന്മാർ എഴുന്നേൽക്കുമ്പോൾ ക്രിസ്ത്യാനികൾ അതിശയിക്കരുത് എന്ന് യൂദാ വ്യക്തമാക്കി. ദൈവജനത്തിനിടയിലേക്ക് ആളുകൾ സ്വന്തതാൽപര്യവുമായി നുഴഞ്ഞ് വരുമെന്ന് പഴയ നിയമത്തിലും പുതിയ നിയമത്തിലും മുന്നറിയിക്കുന്നുണ്ട്. തങ്ങളുടെ വ്യക്തിപരമായ അജണ്ടയുമായി വന്ന്, അവർക്ക് മാഹാത്മ്യം കൊടുത്ത്, ക്രിസ്തുവിന്റെ സഭയെ മുതലെടുക്കുന്ന ആളുകൾ എല്ലായ്പോഴും ഉണ്ടായിട്ടുണ്ട്. ഈ കാര്യത്തെ കുറിച്ച് **അപ്പൊസ്തലന്മാർ** തന്നെ **മുന്നറിയിച്ചതാണെന്നായിരുന്നു** യൂദായുടെ പോയിന്റ്. പത്രൊസ് ചെയ്തതുപോലെ, പൗലൊസിന്റെ ലേഖനങ്ങളെ കുറിച്ച് പറയാതെ (2 പത്രൊ. 3:15, 16), യൂദാ "അപ്പൊസ്തലന്മാരുടെ" പൊതുവായ ഉപദേശത്തെ എടുത്തു കാണിച്ചു.

**നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ** "അപ്പൊസ്തലന്മാർ" എന്നു യൂദാ പറഞ്ഞപ്പോൾ, അവന്റെ മനസിൽ ആരെല്ലാമായിരുന്നു ഉണ്ടായിരുന്നത് എന്നു തീർച്ചയില്ല. യൂദാ യേശുവിന്റെ സഹോദരന്മാരിൽ ഒരാളായതുകൊണ്ട് അവൻ പന്തിരുവരുമായി അടുപ്പത്തിലായിരുന്നു എന്നു കരുതാം. ഒരർത്ഥത്തിൽ, യൂദായുടെ സഹോദരനായ യാക്കൊബിനെ "അപ്പൊസ്തലൻ" എന്ന് പൗലൊസ് സൂചിപ്പിച്ചിരുന്നു (ഗലാ. 1:19). യൂദായും യാക്കൊബിനൊപ്പം അപ്പൊസ്തലന്മാരിൽ ഉൾപ്പെട്ടിരുന്നോ? ബർന്നബാസും, പൗലൊസും "അപ്പൊസ്തലന്മാർ" ആയിരുന്നു എന്ന് ലൂക്കൊസ് രണ്ട് പ്രാവശ്യം പറഞ്ഞിരിക്കുന്നു (പ്രവൃ. 14:4, 14), അവൻ അർത്ഥമാക്കിയത് അവർ അന്ത്യോക്യാ സഭയുടെ അപ്പൊസ്തലന്മാർ എന്നായിരിക്കാം. കർത്താവ് നേരിട്ട് പന്തിരുവരെ അപ്പൊസ്തലന്മാർ ആക്കിയതുപോലെ യൂദായെയും അപ്പൊസ്തലന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരുന്നോ എന്നു വ്യക്തമല്ല. അവരുടെ എണ്ണത്തിൽ യൂദാ ഉൾപ്പെട്ടില്ലെങ്കിലും തനിക്ക് ലഭിച്ചത് അപ്പൊസ്തൊലിക സന്ദേശമായിരുന്നു എന്ന് അവൻ കണക്കാക്കിയിരുന്നു.

ക്രിസ്തീയ ഉപദേശത്തിന്റെ ആധികാരിക ഉറവിടം "അപ്പൊസ്തലന്മാർ" ആയിരുന്നു എന്നതാണ് യൂദായുടെ പോയിന്റ്. ആ അധികാരത്തിൽ പെട്ടവരായിരുന്നു പന്തിരുവരും പൗലൊസും (1 കൊ. 15:5-9). അവരിൽ മിക്കപേരുടേയും പ്രവർത്തനങ്ങൾ വളരെ കുറച്ചു മാത്രമെ നമുക്ക് അറിയാവു. ദൂര-വ്യാപക സ്വാധീനത്തിനായി ഓരോരുത്തരും അവരവരുടെ പ്രാപ്തി പോലെ പ്രവർത്തിച്ചിരിക്കും, എന്നാൽ ഈ സമയത്ത്, യൂദായുടെ ശ്രദ്ധ മറ്റു കാര്യങ്ങളിലായിരുന്നു. അപ്പൊസ്തൊലികമായ ഒരു സന്ദേശം ഉണ്ടായിരുന്നു എന്ന കാര്യം കർത്താവിന്റെ സഹോദരൻ തന്റെ വായനക്കാരെ അറിയിക്കുവാൻ ആഗ്രഹിച്ചു. അപ്പൊസ്തൊലിക സന്ദേശത്തിന്റെ പ്രാഥമികമായ മൂലകങ്ങൾ പോലും തള്ളിക്കളഞ്ഞവരായിരുന്നു യൂദാ അഭിമുഖീകരിച്ച ദുരുപദേഷ്ടാക്കന്മാർ. അക്കാരണത്താൽ വിശ്വാസികളുടെ രക്ഷ അപകടത്തിൽപെടുത്തി. സഭ വിശ്വസിക്കുന്നത് കാര്യമാത്ര പ്രസക്തമാണ്; ഉപദേശം പ്രാധാന്യമുള്ളതാണ്.

**വാക്യം 18. അവർ നിങ്ങളോട് പറഞ്ഞുവല്ലോ** എന്ന് യൂദാ പറഞ്ഞപ്പോൾ

വിഷയം അപ്പോഴും അപ്പൊസ്തലന്മാർ ആയിരുന്നു. യേശുക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ ദുരുപദേഷ്ടാക്കന്മാരെ കുറിച്ച് മുന്നറിയിച്ചിരുന്നു. ആകയാൽ ക്രിസ്തീയ ഉപദേശത്തോട് വിട്ടുവീഴ്ച്ച ചെയ്തു ആളുകളെ ദുർന്നടപ്പിലേക്ക് നയിക്കുവാൻ ശ്രമിച്ചപ്പോൾ, യൂദായുടെ വായനക്കാർ അതിശയിക്കരുതായിരുന്നു. അങ്ങനെ സംഭവിക്കുമെന്ന് അപ്പൊസ്തലന്മാർ മുൻപ് പഠിപ്പിച്ചിരുന്നു.

അപ്പൊസ്തലന്മാരുടെ മുന്നറിയിപ്പുകൾ പ്രത്യേകമായി യൂദാ പറഞ്ഞില്ല. എങ്കിലും പുതിയ നിയമത്തിൽ അവ ധാരാളം കാണാം. "അന്ത്യകാലത്ത്" വരുവാനിരിക്കുന്ന ഉപദേഷ്ടാക്കന്മാരെ കുറിച്ച് പൗലൊസ് പറഞ്ഞു (2 തിമൊ. 3:1–5; പ്രവൃ. 20:29, 30; 1 തിമൊ. 4:1–3), യൂദായുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെയാണ്, അവനും അവരെ കുറിച്ചു വിവരിച്ചിരിക്കുന്നത്. പെന്തെകൊസ്തു സംഭവങ്ങൾ കഴിഞ്ഞ്, ഒന്നു രണ്ട് ദശാബ്ദങ്ങൾക്കുള്ളിലാണ് യൂദായുടെ ലേഖനങ്ങൾ എഴുതിയതെങ്കിൽ, അവൻ പുതിയ നിയമത്തിലെ ഏതാനും പുസ്തകങ്ങൾ പരിചയപ്പെട്ടിരിക്കും. യെരുശലേമിലെ അപ്പൊസ്തലന്മാർ അതേ രീതിയിലുള്ള മുന്നറിയിപ്പുകൾ നൽകി എന്നത് സംശയാസ്പദമാണ്. യൂദായുടേതിനു സമമാണ് പത്രൊസിന്റെ വാക്കുകൾ, "സ്വന്ത മോഹങ്ങളെ അനുസരിച്ച് നടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്ത് വരുമെന്ന് വിശേഷാൽ അറിഞ്ഞുകൊൾവിൻ" (2 പത്രൊ. 3:3).

2 പത്രൊസ് 3:3 ലും യൂദാ 18 ലും മാത്രമാണ് **പരിഹാസികൾ** (*എംപായിക്റ്റെസ്*) എന്ന വാക്ക് തർജ്ജമ ചെയ്തിരിക്കുന്നത്. ഭക്തിയില്ലാത്ത ആളുകളിൽ സത്യവും വിവേചനവും നിലനിർത്തുവാൻ കഴിയാതെ വരുമ്പോൾ, പരിഹാസികൾ പരിഹാസത്തോടെ വരുമ്പോൾ, ലോകപ്രകാരമുള്ള ബുദ്ധിയിൽ ആശ്രയിക്കുന്നവരെ സൂത്രത്തിൽ കുടുക്കും. എൻഏഎസ്ബിയുടെ വാക്യം 15 ൽ ദുരുപദേഷ്ടാക്കന്മാരെ നാല് പ്രാവശ്യം "ഭക്തികെട്ടവർ" എന്നു പറഞ്ഞിരിക്കുന്നു. ഈ വാക്യത്തിൽ യൂദാ അവരെ **സ്വന്ത മോഹങ്ങളെ അനുസരിച്ചു നടക്കുന്ന ഭക്തികെട്ട പരിഹാസികൾ** എന്നാണ് പറഞ്ഞിരിക്കുന്നത്. അവരുടെ ഭക്തികേടു കൂടാതെ അവരെ കുറിച്ച് പറയുവാൻ യൂദാക്ക് കഴിയുമായിരുന്നില്ല എന്നു തോന്നുന്നു.

യൂദാ പറഞ്ഞ **അന്ത്യകാലത്തിൽനിന്നു** വ്യത്യസ്തമായിരുന്നില്ല പൗലൊസ് "അന്ത്യകാലം" എന്നു പറഞ്ഞതും. യൂദായും അവന്റെ വായനക്കാരും ജീവിച്ച കാലം കൂടെ ഉൾപ്പെടുന്നതാണ് "അന്ത്യകാലം" (എബ്രാ. 1:2 നോക്കുക, അവിടെയും "അന്ത്യകാലം" എന്നാണ് പറഞ്ഞിരിക്കുന്നത്). അവർ അന്ത്യകാലത്ത് ജീവിച്ചിരുന്നതിനാലാണ്, യൂദാ തന്റെ വായനക്കാരുടെ അനുഭവത്തിൽ പ്രവചന നിറവേറലനുസരിച്ച് "പരിഹാസികൾ" വരും, "അവർ സ്വന്ത മോഹങ്ങളെ അനുസരിച്ച് നടക്കുന്ന ഭക്തികെട്ടവരാണ്" (1 തിമൊ. 4:1 നോക്കുക). കഴിഞ്ഞകാലത്തെ മുന്നറിയിപ്പുകൾ യൂദായുടെ വായനക്കാർ ഓർക്കേണ്ടിയിരുന്നു. കള്ളപ്രവാചകന്മാരെ നേരിടുവാൻ അപ്പൊസ്തലന്മാരുടെ ശക്തമായ മുന്നറിയിപ്പുകൾ ധാരാളം മതിയാകും.

**വാക്യം 19.** യൂദാ വ്യക്തമാക്കി; തെറ്റിദ്ധാരണക്കുള്ള യാതൊരു അവസരവും അവൻ നൽകിയില്ല. യൂദാ സംബോധന ചെയ്ത സഭയിലേക്ക് നുഴഞ്ഞുവന്ന ദുരുപദേഷ്ടാക്കന്മാരെ കുറിച്ച് അപ്പൊസ്തലന്മാർ മുൻകൂട്ടി പ്രവചിച്ചിരുന്നു. **ഇവർ** എന്നു യൂദാ പറഞ്ഞ പ്രയോഗത്തിൽ കുറ്റപ്പെടുത്തൽ അടങ്ങിയിരുന്നു. അവൻ അത് ആവർത്തിച്ച് പറഞ്ഞിരുന്നു (വാ. 10, 12, 16).

ദുരുപദേഷ്ടാക്കന്മാരുടെ ഉപദേശത്തെ പ്രതിരോധിച്ചവരെ **പ്രാകൃത-മനസുള്ളവർ** എന്ന്, ഒരുപക്ഷെ, കുറ്റപ്പെടുത്തിയിരിക്കുവാൻ സാധ്യതയുണ്ട്. തങ്ങൾക്ക് ദൈവത്തിൽനിന്ന് പ്രത്യേക വെളിപ്പാടുകൾ ലഭിച്ചു എന്നും, ഒരുപക്ഷെ അവർ അവകാശപ്പെട്ടിരിക്കാം. അതിനെതിരായതാണ് വാസ്തവമെന്ന് യൂദാ വായനക്കാരെ ബോധ്യമാക്കി. ദുരൂപദേഷ്ടാക്കന്മാരായിരുന്നു "പ്രാകൃത-മനസുള്ളവർ" (*സൂക്കിക്കോസ്*). അവരായിരുന്നു **ആത്മാവില്ലാത്തവർ**. "പ്രാകൃത-മനസ്" എന്നത് ഗ്രീക്കിൽനിന്ന് ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യുവാൻ പ്രയാസമാണ്. അവരുടെ മനസും ഹൃദയവും സ്വന്തം അഭിലാഷങ്ങളിൽ ഊന്നി മൃഗ-തുല്യമായ തൃപ്തിയിൽ കവിഞ്ഞ് മറ്റൊന്നും അവരിൽ ഇല്ലായിരുന്നു.[1]

ദുരുപദേഷ്ടാക്കന്മാർ **ആയിരുന്നു ഭിന്നത ഉണ്ടാക്കി**[യത്]. ക്രിസ്തുവിന്റെ സഭയെ ഭിന്നിപ്പിച്ചതിന്റെ ഉറവിടം യൂദാ മനസിലാക്കിയിരുന്നു, ആരംഭം മുതൽ ലഭിച്ച പാരമ്പര്യ ഉപദേശത്തിനു വിരുദ്ധമായി ചിലർ പുതിയ ഉപദേശങ്ങളുമായി വന്നാണ് സഭയെ ഭിന്നിപ്പിച്ചത്. അപ്പൊസ്തൊലിക ഉപദേശത്തെ പിൻപറ്റിയ യൂദായും മറ്റു ക്രിസ്ത്യാനികളും ആയിരുന്നില്ല ഭിന്നിപ്പിന്റെ ഉറവിടം. പല സന്ദർഭങ്ങളിലും ക്രിസ്തുവിന്റെ സഭയിലേക്ക് ആളുകൾ പുതിയ ഉപദേശവുമായി വന്നിട്ടുണ്ട്. പലപ്പോഴും, സത്യത്തിൽ നിലനിൽക്കുന്നവരെയാണ് പുതിയ ഉപദേശവുമായി വരുന്നവർ ഭിന്നിപ്പ് ഉണ്ടാക്കുന്നതായി കുറ്റപ്പെടുത്തുന്നത്. പുതുമയും പുരോഗമനവും എല്ലായ്പോഴും നന്നായിരിക്കുകയില്ല. യൂദാ സംബോധന ചെയ്ത സഭയിലുള്ളവർ ആ പുതിയ ഉപദേഷ്ടാക്കന്മാരുടെ ഉപദേശത്താൽ സഭക്ക് യാതൊരു പുരോഗമനവും ഉണ്ടായില്ല. ആ പുതുമുഖങ്ങളായിരുന്നു ഭിന്നതകൾ ഉണ്ടാക്കിയത്. ശരീരത്തിൽ എതിർ ഗ്രൂപ്പുണ്ടാക്കിയത് വാസ്തവത്തിൽ അവരായിരുന്നു.

**വാക്യം 20**. തങ്ങളുടെ ആത്മിയ-ക്ഷേമത്തിന് ഉത്തരവാദികൾ ക്രിസ്ത്യാനികൾ തന്നെയാണ്. അവർ [തങ്ങളെത്തന്നെ] **പണിയണം** എന്നാണ് യൂദാ തന്റെ വായനക്കാരെ ഓർപ്പിച്ചത്. അതിനർത്ഥം, ദൈവം അവരെ തങ്ങളുടെ സൂത്രത്തിനായി വിട്ടുകളഞ്ഞു എന്നു ധരിക്കരുത്. ദൈവത്തിന്റെ സമൂഹം ആത്മിയമായി വളരുവാൻ ദൈവം വെച്ചിരിക്കുന്നത് **വിശുദ്ധ വിശ്വാസമാണ്**. വിശ്വസിക്കേണ്ടത് കർത്താവായ യേശുക്രിസ്തുവിനെയാണ്. അതിനു പുറമെ, ആ "വിശുദ്ധ വിശ്വാസത്തിൽ," ക്രിസ്തുവിനെ കുറിച്ച് അപ്പൊസ്തൊലന്മാരാൽ വെളിപ്പെടുത്തിയിരിക്കുന്നതും ഉൾപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവാണ് അപ്പൊസ്തലന്മാർ മുഖേന വിശ്വാസം വെളിപ്പെടുത്തിയത്. കൂടാതെ, ക്രിസ്ത്യാനിയിൽ വസിക്കുന്ന പരിശുദ്ധാത്മാവ്, പാപത്തിൽനിന്നു വിട്ടുതിരിയുവാൻ ശക്തിപ്പെടുത്തുകയും ക്രിസ്തുവിൽ ആശ്രയിക്കുവാൻ സഹായിക്കുകയും ചെയ്യും. അതുകൊണ്ടാണ്, തങ്ങൾക്ക് ആവശ്യമായ ആത്മിയ വളർച്ചക്ക് **പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുവാൻ** തന്റെ വായനക്കാരോട് യൂദാ ആവശ്യപ്പെട്ടത്.

**വാക്യം 21**. തന്റെ ലേഖനം അവസാനിപ്പിക്കാറായപ്പോൾ, യൂദാ ക്രിസ്ത്യാനിയിൽ ഭരമേൽപിച്ച ഉത്തരവാദിത്തം തന്റെ വായനക്കാരെ ഓർപ്പിച്ചു. ദുരുപദേശങ്ങളോടുള്ള അവരുടെ ചെറുത്തു നിൽപും അപ്പൊസ്തൊലിക വിശ്വാസത്തിലുള്ള സ്ഥിരോൽസാഹവും അനുസരിച്ചായിരിക്കും അവരുടെ പ്രത്യാശയുടെ അനന്തരഫലം. സ്ഥിരോൽസാഹം വേണ്ടത്, "വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപിച്ച വിശ്വാസത്തിലാണ്" (വാ. 3), അതായത് അവർ ദൈവരാജ്യത്തിന് ഓഹരിക്കാരായി ജീവിക്കണം.

ദൈവത്തിന്റെ രാജ്യവും "വിശുദ്ധ വിശ്വാസവും," ഒന്നിന്റെ അഭാവത്തിൽ മറ്റൊന്നു പറയുവാൻ സാധ്യമല്ല. അവ ഒന്നു തന്നെയല്ലെങ്കിൽ, ഒന്നു മറ്റൊന്നിനെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ഒരർത്ഥത്തിൽ, യേശുവിന്റെ ശുശ്രൂഷാ കാലയളവിൽ ദൈവരാജ്യം നിലനിന്നിരുന്നു (മത്താ. 12:28). മറ്റൊരർത്ഥത്തിൽ രാജ്യം വരുവാനുള്ളതുമായിരുന്നു (മത്താ. 9:1), യേശുവിന്റെ ജീവിതവും ഉപദേശവും ദൈവരാജ്യത്തിന്ന് അവസരം ഒരുക്കി, എന്നാൽ രാജ്യം കൂടുതൽ തിരിച്ചറിഞ്ഞത്, അവന്റെ മരണം, ഉയിർത്തെഴുന്നേൽപ്, സ്വർഗാരോഹണം എന്നിവക്ക് ശേഷമാണ്. പത്രൊസ് ആദ്യം സുവിശേഷ സന്ദേശം അറിയിച്ചപ്പോൾ, കേട്ടവർ മാനസാന്തരപ്പെട്ട് സ്നാനമേറ്റപ്പോൾ, വന്നതായ രാജ്യത്തിന്റെ പ്രാധാന്യം വെളിപ്പെട്ടു (പ്രവൃ. 2:37-42). "സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെച്ചു" എന്നു പൗലൊസിനു പറയുവാൻ കഴിഞ്ഞു (കൊലൊ. 1:13).

ക്രിസ്ത്യാനികൾ ഈ ജീവിതത്തിൽ ദൈവരാജ്യത്തിന് ഓഹരിക്കാരാകുമെങ്കിലും, വരുവാനുള്ള ലോകത്തിലെ രാജ്യത്തിനായി നാം ഇനിയും കാത്തിരിക്കണം. യൂദാ ഇനി ശ്രദ്ധ തിരിക്കുന്നത് ആ **കാത്തിരിപ്പിലേക്കാണ്**. ദൈവജനമായി തീർന്ന പലർക്കും ദൈവത്തിന്റെ സമയത്തിലും, ഇഷ്ടത്തിലും ക്രമപ്പെടുത്തിയിരിക്കയാൽ, നാം ദൈവത്തിനായി കാത്തിരിക്കണം. യൂദാ വെളിപ്പെടുത്തിയതിനോട് സമാനമായി ചില സങ്കീർത്തനക്കാരും അത് സൂചിപ്പിക്കുകയുണ്ടായി. ഉദാഹരണമായി നാം വായിക്കുന്നു, "യഹോവയിങ്കൽ പ്രത്യാശ വെക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ; അതേ യഹോവയിങ്കൽ പ്രത്യാശ വെക്കുക" (സങ്കീ. 27:14); "നമ്മുടെ ഉള്ളം യഹോവക്കായി കാത്തിരിക്കുന്നു; അവൻ നമ്മുടെ സഹായവും പരിചയും ആകുന്നു" (സങ്കീ. 33:20). കാത്തിരിക്കേണ്ട ആവശ്യകത യൂദായെ പോലെ പൗലൊസും പറഞ്ഞു. "സഹോദരന്മാരേ, മാംസരക്തങ്ങൾക്ക് ദൈവരാജ്യം അവകാശമാക്കുവാൻ സാധ്യമല്ല" (1 കൊ. 15:50). മരണത്തിനു മുൻപുള്ള സമയത്ത് ക്രിസ്ത്യാനികൾ മാംസരക്തങ്ങളാണ്. മാംസ-രക്തങ്ങളിലായിരിക്കുന്ന വിശ്വാസികൾ, ചിലതിനായി നോക്കി പാർത്തിരിക്കുന്നു. ക്രിസ്തുവിനുള്ളവർ **ആകാംക്ഷയോടെ** കാത്തിരിക്കുന്നു എന്നു യൂദാ പറഞ്ഞപ്പോൾ അത് ശക്തമായ ഒരാഗ്രഹത്തെയാണ് പറയുന്നത് (2 തിമൊ. 4:8 നോക്കുക).

ലഭിച്ചുകഴിഞ്ഞതിനും ഇനി ലഭിക്കുവാനിരിക്കുന്നതിനും ഇടക്കുള്ള പിരിമുറുക്കം, ഇപ്പോൾ ദൈവരാജ്യത്തിലാകുന്നതിനു മാത്രമുള്ളതല്ല, നിത്യജീവൻ ലഭിക്കുവാനിരിക്കുന്ന **നിത്യജീവന്റെ** ഭാഗമായിട്ടുള്ളതിനുമാണ്. ക്രിസ്തുവിലാകുമ്പോൾ, നിത്യജീവൻ ആരംഭിക്കുന്നു, ഇപ്പോൾ വിശ്വസ്തതയാണ് ആവശ്യം. പിന്നീട് അവസാനം കാഹള ധ്വനി മുഴങ്ങി ക്രിസ്തു വെളിപ്പെടുമ്പോൾ (1 കൊ. 15:52), ഒരു മാറ്റം സംഭവിക്കും. ദ്രവത്വമുള്ള മാംസ-രക്തങ്ങൾ അദ്രവത്വത്തെ പ്രാപിക്കും. നമ്മുടെ **കർത്താവായ യേശുക്രിസ്തുവിന്റെ കരുണാധിക്യപ്രകാരം**, താൽക്കാലികവും മാറിപ്പോകുന്നതുമായ ഈ ലോകം അമർത്യതയിലേക്ക് മാറും. ക്രിസ്ത്യാനികൾ "ജീവനു" വേണ്ടി കാത്തിരിക്കുമ്പോൾ, അത് അവസാനിക്കാത്തതാണെന്ന കാര്യത്തിൽ തെറ്റിപ്പോകരുത്. "നിത്യമായ" (*അയിയോനിയോസ്*) എന്ന വാക്കിന് കാലപരിധിയില്ല. അപ്പോഴും ആ ജിവിതത്തിന്റെ കാലയളവ് വ്യക്തമാക്കിയിട്ടില്ല-അത് അവസാനിക്കാത്തതാണ്-ജീവിതത്തിന്റെ യോഗ്യത പോലെ തന്നെയാണ്. അത് വരുവാനുള്ള ലോകത്തിലേക്കുള്ള സ്വഭാവമാണ്.[2] "നിത്യജീവന്റെ" പരിപൂർണ്ണത വരുവാ

നിരിക്കുന്നതേയുള്ളു, ക്രിസ്തുവിലാകുമ്പോൾ, "നിത്യജീവൻ" ആരംഭിച്ചു കഴിഞ്ഞു എന്നു പറയാം.

പഴയ നിയമത്തിൽ, പ്രത്യേകിച്ച് "ജീവൻ" ദൈവത്തോടുകൂടിയുള്ള സമാധാനത്തിൽ, ജ്ഞാനത്തിൽ, അനുഗ്രഹത്തിൽ ആയിരിക്കുക എന്നാണ് അർത്ഥം. മോശെ യിസ്രായേലിനോട് "ഇതാ ഞാൻ ഇന്നു ജീവനും ഗുണവും, മരണവും ദോഷവും നിന്റെ മുമ്പിൽ വെച്ചിരിക്കുന്നു" (ആവ. 30:15). യിസ്രാ യേൽമക്കൾ കനാനിൽ ചെല്ലുമ്പോൾ പാലിക്കേണ്ട ജീവിത ഗുണത്തെ യാണ് ദൈവം അവർക്ക് ബോധ്യമാക്കി കൊടുക്കുന്നത്. അതുപോലെ, യേശു പറഞ്ഞു, "പിതാവിന്ന് തന്നിൽ തന്നെ ജീവനുള്ളതുപോലെ, പുത്ര നും തന്നിൽതന്നെ ജീവൻ ഉള്ളവനാകുന്നു" (യോഹ. 5:26). ദൈവം തനിക്ക് നൽകിയ ജീവന്റെ ഗുണത്തെ കുറിച്ചായിരുന്നു യേശു സംസാരിച്ചത്. യേശു അനുഭവിച്ച അതേ ജീവന്റെ അനുഭവമാണ് അവന്റെ ആളുകൾക്കായി അവൻ വെച്ചിരിക്കുന്നത്. "നിത്യജീവൻ" ഇപ്പോൾ ഉള്ളതാണ്, അതേ സമയത്ത് വരു വാനുള്ളതുമാണ്. യൂദാ പറഞ്ഞതുപോലെ, നാം അതിന് "ആകാംക്ഷയോടെ" കാത്തിരിക്കുന്നു.

ക്രിസ്തുവിൽ ജീവന്റെ ഗുണം പങ്കിടുന്നവർ ആ നിലവാരം സൂക്ഷിക്കു ന്നത് വരുവാനുള്ള ലോകത്തിലേക്കുകൂടെയാണ്. യേശു പറഞ്ഞു, "പുത്രനി ൽ വിശ്വസിക്കുന്നവന്ന് നിത്യജീവൻ ഉണ്ട്" (യോഹ. 3:36). അവർക്ക്, അത് ഇപ്പോൾ, ഇവിടെ ഉണ്ട്. അവൻ തുടർന്നു പറഞ്ഞു, "എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്ന് നിത്യജീവൻ ഉണ്ട്" (യോഹ. 5:24). ഒരാളെ **ദൈവ സ്നേഹത്തിൽ** [ഒരാളെ] **കാത്തുകൊൾവാനുള്ള** ആത്മിയ വിഭവങ്ങളിൽ, വിശുദ്ധ ജീവിതവും, നമസ്ക്കാരവും, അവന്റെ ഹിതപ്രകാരം അവനെ സേവിക്കുന്നതും ഉൾപ്പെടുന്നു. ഒരാൾ കർത്താവിന്റ വരവിനായി കാത്തിരിക്കുമ്പോഴാണ് തന്നെത്താൻ സ്നേഹത്തിൽ സൂക്ഷിക്കുന്നത്.

**വാക്യം 22, 23.** ഒരാൾ ബലഹീനനായതിനാൽ, ദുരുപദേഷ്ടാക്കന്മാരുടെ ചതിയിൽ അകപ്പെട്ട് അകന്നു പോയാൽ, അയാളെ ക്രിസ്ത്യാനികൾ മറക്ക ണമെന്നോ തള്ളിക്കളയണമെന്നോ അർത്ഥമില്ല. വിശ്വസ്തരായവർ, **സംശ യിക്കുന്ന ചിലരോട് കരുണ കാണിക്കണം.** തങ്ങളുടെ സ്വന്ത ജ്ഞാനത്തിൽ ആശ്രയിക്കുന്നവർ ആണ് ഭിന്നത ഉണ്ടാക്കുന്നത്, അവർ "ദൈവകൃപയെ ... ദുഷ്ക്കാമവൃത്തിക്കായി ഏൽപിച്ചുകൊടുത്തവരാണ്" (വാ. 4). യൂദാക്ക് കുറച്ച് സമയമേ ഉണ്ടായിരുന്നുള്ളു. എങ്ങനെയായാലും, എല്ലാ സംശയ ക്കാരും ദൈവരാജ്യം നഷ്ടപ്പെടുത്തിയവരല്ല. വിശ്വാസത്തിൽ ശിശുക്കളായ ചിലർ വിശ്വസിക്കേണ്ട കാര്യങ്ങളിലും, ആശ്രയത്തിലും മറ്റും ഉറപ്പില്ലാത്ത വരുമായിരിക്കും. അവരേയും "സംശയിക്കുന്നവരുടെ" ഗണത്തിൽ പെടുത്ത ണം. വിശ്വാസത്തിൽ ശക്തരായവർ അവരോട് ദയയും കരുണയും കാണി പ്പാനാണ് യൂദാ പറഞ്ഞത്. സംശയിക്കുന്നവരെ വിശ്വസ്തരാണ് കർത്താവി ലേക്ക് തിരിച്ച് കൊണ്ടുവരേണ്ടത് (യാക്കൊ. 5:20 നോക്കുക).

ഈ വാക്യങ്ങൾ എഴുതുമ്പോൾ, യൂദായുടെ മനസിൽ രണ്ടുമൂന്ന് കൂട്ടം ആളുകളുണ്ടായിരുന്നോ എന്ന് തീർച്ചയില്ല. ലേഖകൻ ചുരുങ്ങിയത് രണ്ടു കൂട്ടരെ വേർതിരിച്ചു കാണിക്കുന്നു. വാക്യം 22 ൽ സംശയാലുക്കളെ കുറിച്ച് പറഞ്ഞശേഷം, വാക്യം 23 ൽ **മറ്റുള്ളവരെ രക്ഷിക്കുവാൻ** പറഞ്ഞിരിക്കു ന്നു.സംശയാലുക്കളിൽനിന്ന് "മറ്റുള്ളവരെ" അവൻ വേർതിരിച്ചു കാണി ക്കുന്നു. ഒരുപക്ഷെ യൂദാ മൂന്നു കൂട്ടം ആളുകളെയായിരിക്കാം പറയുന്നത്:

(1) സംശയിക്കുന്ന ചിലർ, (2) ചിലരെ **തീയിൽ**[നിന്നു] **വലിച്ചിഴക്കുകയും,** (3) **ചിലരോട്** വിശ്വസ്തരായവർ **കരുണ** കാണിക്കുക. ലേഖനത്തിൽ രണ്ടു കൂട്ടം ആളുകളെയാണ് പറയുന്നത് എന്നതിനാൽ ഇവിടേയും രുണ്ടുകൂട്ടം ആളുകളെയായിരിക്കാം ഉദ്ദേശിച്ചത്, ഒരുപക്ഷെ ഒന്നു മറ്റൊന്നുമായി കെട്ടി മറിഞ്ഞു കിടക്കുകയുമാകാം. ലേഖകൻ മൂന്നു വ്യത്യസ്ത കൂട്ടങ്ങളെ വേർതിരിച്ചു കാണിക്കുവാനായിരിക്കുകയില്ല ഉദ്ദേശിച്ചത്. സംശയിക്കുന്ന ചിലരെ ആയിരിക്കാം തീയിൽനിന്ന് വലിച്ചിഴക്കേണ്ടത്. വാക്യം 22 ലും 23 ലും പ്രാവർത്തിക വാക്കായിട്ടാണ് "കരുണ" ഉപയോഗിച്ചിരിക്കുന്നത്.

"പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും" ചെയ്യണം എന്നതിന്റെ നല്ല ചിത്രീകരണം ബൈബിളിൽ, യൂദായുടെ ലേഖനത്തിലെ ഈ അവസാന വാക്യങ്ങളിലൊഴിച്ച് മറ്റൊരു ഭാഗത്തും കണ്ടെന്നു വരികയില്ല. ഒരു സഹോദരനോ സഹോദരിയോ പാപത്തിലോ അല്ലെങ്കിൽ ഉപദേശത്തിലോ ഇടറിയതായി കണ്ടാൽ, കണ്ടയാൾ അയാളെ തിരിച്ചു കൊണ്ടുവരുവാൻ എല്ലാ ശ്രമവും നടത്തണം. ചഞ്ചലപ്പെട്ട ഒരാത്മാവിനേയും ക്രിസ്തീയ സമൂഹം ഉപേക്ഷിക്കരുത്.

### അവസാന ദൈവസ്തുതി (24, 25)

**24വീഴാതെവണ്ണം നിങ്ങളെ സൂക്ഷിച്ച്, തന്റെ മഹിമാ സന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവന്ന് 25നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖാന്തരം നമ്മുടെ രക്ഷിതാവായ ഏകദൈവത്തിന്നു തന്നെ, സർവ്വലോകത്തിന്നു മുമ്പും ഇപ്പോഴും സദാകാലത്തോളവും തേജസും മഹിമയും ബലവും അധികാരവും ഉണ്ടാകുമാറാകട്ടെ. ആമേൻ.**

**വാക്യം 24.** ലേഖനം ചെറുതാണെങ്കിലും, അതിലെ വിഷയം ഇന്നത്തെ ആളുകൾക്ക് മുഷിപ്പുളവാക്കുന്നതാകാമെങ്കിലും, ബൈബിളിലെ ഏറ്റവും മനോഹരമായ ദൈവസ്തുതിയോടുകൂടിയാണ് യൂദാ തന്റെ ലേഖനം അവസാനിപ്പിക്കുന്നത്. വിശ്വാസിയെ വളർത്തുവാനും ദൈവ സ്നേഹത്തിൽ നിലനിർത്തുവാനുമാണ് താൻ ആഗ്രഹിക്കുന്നതെന്ന് യൂദാ നേരത്തെ അറിയിച്ചിരുന്നു. ഇപ്പോൾ അവൻ ദൈവകൃപയോടുള്ള ഓരോരുത്തരുടേയും വ്യക്തിപരമായ ഉത്തരവാദിത്വത്തെ ബോധ്യപ്പെടുത്തുകയാണ്. അതിൽ യാതൊരു സംശയവും വേണ്ട വിശ്വാസിയുടെ ഭാഗത്ത് നിന്ന്, അയാൾ വീഴാതെ താങ്ങുവാനായി എപ്പോഴും യേശു ഉണ്ടായിരിക്കും. **നിങ്ങളെ വീഴാതെവണ്ണം സൂക്ഷിക്കുന്നതിന് യേശുക്രിസ്തുവിന് കഴിയും.** ഈ വാക്യങ്ങളിൽ വിശ്വാസിയെ അഹങ്കരിക്കുവാൻ പ്രോൽസാഹിപ്പിക്കുന്നില്ല. വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടഉത്തരവാദിത്തം വിശ്വാസിയുടെ തോളിൽനിന്നു മാറി പോകുന്നില്ല. ഒരാളുടെ ആശ്രയം ക്രിസ്തുവിൽ ആണെങ്കിൽ, അയാൾ പാപത്തിൽനിന്നു വിട്ടു തിരിഞ്ഞ്, സഹായത്തിന് അവനിലേക്ക് നോക്കിയാൽ-അങ്ങനെയുള്ള ആൾ നിൽക്കും. ദൈവം അയാളെ **തന്റെ മഹിമാ സന്നിധിയിൽ കളങ്കമില്ലാതെ മഹാ സന്തോഷത്തോടെ നിറുത്തും.**

**വാക്യം 25. ദൈവത്തെ** ഒരേ സമയത്ത് **രക്ഷകനും,** അതേസമയം ന്യായാധിപനും ആയി പറയുവാൻ യൂദാക്ക് ഒരു പ്രശ്നവും നേരിട്ടില്ല (വാ. 4). ദൈവം ന്യായാധിപൻ ആണെങ്കിൽ, യേശുവും ന്യായാധിപനാണ്. അതാണ്

വാക്യം 15 ൽ അന്തർലീനമാക്കിയിരിക്കുന്നത്. ദൈവത്തെയും **യേശുക്രിസ്തു** വിനെയും ഒരുപോലെ ഉയർത്തേണം എന്നാണ് യൂദാ വിചാരിച്ചത്. ക്രിസ്തീയ വിശ്വാസം മൂന്നു വ്യക്തികളിൽ കേന്ദ്രീകൃതമാണ്. അത് ക്രിസ്തുവിൽ കേന്ദ്രീ കൃതമാണ്. എല്ലാ സ്നേഹവും, സകല നന്മയും, എല്ലാ ഗുണങ്ങളും, എല്ലാ നമസ്ക്കാരങ്ങളും, എല്ലാ പുകഴ്ച്ചയും, **തേജസും ദൈവ മഹിമയും, ബലവും അധികാരവും, എന്നേക്കും അവനുള്ളതാകുന്നു.** ആമേൻ.

## പ്രായോഗികത

**കർത്താവിന്നായി കാത്തിരിക്കൽ (വാ. 21)**

ടെന്നസിയിലെ മെംഫിസിലുള്ള, ഹാർഡിങ് യൂണിവേഴ്സിറ്റി ഗ്രാജ്വേറ്റ് സ്കൂൾ ഓഫ് റിലീജിയനിൽ, ദീർഘകാലം ലൈബ്രേറിയനായിരുന്നു ആനി മേയ് ആൾസൺ ലൂയിസ്. അവൾ ലൈബ്രറിയേയും തന്റെ ക്ലാസിൽ ഇരുന്ന വിദ്യാർത്ഥികളെയും ഇഷ്ടപ്പെട്ടിരുന്നു. സങ്കീർത്തനങ്ങൾ 130 ഇഷ്ടപ്പെടുവാനാ യി അവൾ തന്റെ ക്ലാസിലെ വിദ്യാർത്ഥികളോട് പറഞ്ഞു. ആ സങ്കീർത്തന ത്തിലെ വാക്യം 6 ഇങ്ങനെ പറയുന്നു, "ഉഷസിന്നായി കാത്തിരിക്കുന്നവരേ ക്കാൾ, ഉഷസിന്നായി കാത്തിരിക്കുന്നവരേക്കാൾ, എന്റെ ഉള്ളം യഹോവ ക്കായി കാത്തിരിക്കുന്നു." തനിക്ക് ഇഷ്ടപ്പെട്ട ഒന്നാണ് സങ്കീർത്തനങ്ങൾ 130 എന്നു പറയുവാൻ അവൾ ഒരിക്കലും ലജ്ജിച്ചില്ല. ആനി മേയ് 2006 മാർച്ച് 9 ന് ഈ ലോകം വിട്ടുപോയി. അവളുടെ വഴിയിൽ സഞ്ചരിക്കുന്ന നാം അവളെ ഒരിക്കലും മറക്കുകയില്ല. നാം ഓർക്കുകയും കാത്തിരിക്കുകയും ചെയ്യും. നാം കൂടുതൽ നിർണ്ണയത്തോടും ക്ഷമയോടും കൂടെ കാത്തിരിക്കും കാരണം അവൾ നമുക്ക് സങ്കീർത്തനങ്ങൾ 130 കാണിച്ചു തന്നിരിക്കുന്നു.

ഞാൻ ഒരു ക്ഷമയില്ലാത്ത ആത്മാവാണ് എന്നു തുറന്നു സമ്മതി ക്കട്ടെ. ആർക്കെങ്കിലും വേണ്ടി കാത്തിരിക്കുവാൻ എനിക്ക് പ്രയാസമാണ്. കർത്താവിനു വേണ്ടി കാത്തിരിക്കുവാൻ എനിക്ക് വിഷമമാണ്. ഞാൻ അത് കണ്ടെത്തി, പിന്നെ അവന്നായി കാത്തിരുന്നു, അപ്പോൾ ഞാൻ പ്രതീക്ഷി ക്കാത്ത വിധത്തിൽ അവന്റെ ഉദ്ദേശമുള്ള വഴികൾ എന്നിലേക്ക് എത്തിച്ചു. അവൻ അത് കൊണ്ടുവന്നത് എന്റേതല്ലാത്ത സമയവിവര പട്ടികയനുസരിച്ചാ യിരുന്നു. യൂദായെ പോലെ നാം ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. ഭാവി മുഴുവൻ അനിശ്ചിതമാണ്. തീർക്കേണ്ടതായ ജോലികൾ കിടക്കുകയാണ്. മാറുവാൻ ആഗ്രഹിക്കുന്നവരായ നമ്മുടെ സ്നേഹിതന്മാർ ഉണ്ട്. സഹിക്കേണ്ട തായ കഷ്ടതയുണ്ട്. വേദനയുമുണ്ട്. നമുക്ക് യാത്ര പറയേണ്ട ആളുകളുണ്ട്. അവയെല്ലാം സംഭവിക്കുന്നത് ദൈവത്തിന്റെ സമയത്താണ്. അവന്റെ കൈക ളിലേക്ക് നമ്മെ സമർപ്പിച്ച്, നാം കാത്തിരിക്കുകയാണ്.

ചുരുങ്ങിയത് രണ്ട് വ്യാഖ്യാനങ്ങളാണ് "ആകാംക്ഷയോടെ കാത്തിരി ക്കുക" എന്ന വിഷയത്തിലുള്ളത്. ആകാംക്ഷയുള്ള ആഗ്രഹത്തോടെ ഒരാൾ കാത്തിരുന്നേക്കാം. ഒരു കുട്ടി ക്രിസ്തുമസിനു വേണ്ടി കാത്തിരിക്കുന്നതുപോ ലെ ഒരാൾ കാത്തിരുന്നേക്കാം. എങ്ങനെയായാലും, ആകാംക്ഷയോടെ കാത്തി രിക്കുന്നതിന് മറ്റൊരു അർത്ഥമുണ്ട്. ആകാംക്ഷക്ക് അനിശ്ചിതാവസ്ഥ എന്ന അർത്ഥം ഉണ്ട്. അറിയപ്പെടാത്ത എന്തിനെയെങ്കിലും, ഭയപ്പെടുന്ന അർത്ഥ ത്തിലും, ആകാംക്ഷ ഉപയോഗിച്ചിരിക്കുന്നത് കാണാം. നാം ആകാംക്ഷ യോടെ കാത്തിരിക്കുന്നു എന്നു യൂദാ പറഞ്ഞപ്പോൾ ആദ്യം പറഞ്ഞതാണ്

ആ വാക്കിന്റെ അർത്ഥം. ക്രിസ്തുവിന്റെ വരവിനായിട്ട**ാണ്** ക്രിസ്ത്യാനികൾ ആകാംക്ഷരായിരിക്കുന്നത്, അല്ലാതെ അവന്റെ വരവിനെ **കുറിച്ച്** ആകുല പ്പെട്ടുകൊണ്ടല്ല.

---

കുറിപ്പുകൾ

[1]ആ വാക്ക് മറ്റു ഭാഗങ്ങളിലുള്ളത് 1 കൊരിന്ത്യർ 2:14 ലും; 15:44, 46 ലും, യാക്കൊബ് 3:15 ലുമാണ്. വാൾട്ടർ ബാവർ പറഞ്ഞതനുസരിച്ച്, ആ വാക്ക് "സ്വാഭാവിക ലോകത്തെ ജീവിതവും, അതുമായി ബന്ധപ്പെട്ടിട്ടുള്ളവയുമാണ്. അത് [ആത്മാവിനെ] കേന്ദ്രീകരിച്ചുള്ള അനുഭവത്തിന് എതിരാണ്." (വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ [ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000], 1100.) [2]*എയിഡ് നിയോസ്* "നിത്യമായ" എന്ന വാക്ക് നാമത്തിന്റെ ക്രിയാ വിശേഷണമാണ്, അർത്ഥം "എയിജ്" (*അയിയോൺ*). അതിനാൽ "എന്നേക്കും" എന്നതിന് അർത്ഥം, "വരുവാനുള്ള ലോകത്തിന്റെ സ്വഭാവം" എന്നാണ്. ഒരാൾ ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുമ്പോൾ, വരുവാനുള്ള ലോകത്തിൽ അനുഭവിപ്പാനുള്ള ജീവന് ഓഹരിക്കാരനാവുകയാണ് ചെയ്യുന്നത്.